# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 07, വൈകുന്നേരം 6.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 9 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 4 പേർക്കും, കണ്ണൂർ ജില്ലയിൽ നിന്നും 3 പേർക്കും, കൊല്ലം, മലപ്പുറം ജില്ലകളിൽ നിന്നും ഓരോരുത്തർക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാന പ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 12 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നിന്നും 4 പേരുടെയും തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ ചികിത്സയിലായിരുന്ന ഓരോരുത്തരുടെയും പരിശോധനാ ഫലം ആണ് നെഗറ്റീവായത്. രോഗം സ്ഥിരീകരിച്ച 263 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 208 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു ണ്ട്. ഇന്ന് കേരളത്തിലാകമാനം 1,46,686 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 1,45,934 പേർ വീടുകളിലും 752 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 11232 സാമ്പിളുകൾ പരിശോധിച്ചതിൽ 10250 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഇന്ന് 155 കിന്റൽ പഴകിയ മത്സ്യം പിടിച്ചെടുത്തിട്ടുണ്ട് എന്നും മന്ത്രി അറിയിച്ചു. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 12,14,973 കേസൂകളും 67,841 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 4421 കേസുകളും 114 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 354 പുതിയ കേസുകളും 5 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീ ക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീ ക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയി ച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. കാസർഗോഡ് ജില്ലയിൽ സജ്ജമായ കോവിഡ് ആശുപത്രിയെക്കുറിച്ചുള്ള വിവരണവും നടത്തി. എറണാകുളം ജില്ലയിൽ തയ്യാറാക്കിയ എമർജൻസി റെസ്പോൺസ് മെഡി ക്കൽ മാർഗ്ഗരേഖയെക്കുറിച്ചുള്ള വിവരണവും നടത്തി.

## ചീഫ് സെക്രട്ടറി

റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ നാളെയോടുകൂടി കിട്ടുമെന്നാണ് പ്രതീക്ഷ. എന്നാൽ നാളെ കിട്ടിയില്ലെങ്കിൽ 13-ാം തീയതിയോടുകൂടി മാത്രമേ കിട്ടുകയുള്ളൂ. തിരുവനന്തപുരത്ത് ലഭിച്ച പി സി ആർ കിറ്റുകൾ ഉപയോഗിച്ച് പരിശോധന ആരംഭിച്ചു. നിസാമുദ്ദീനിൽ നിന്നും തിരികെ എത്തിയവരിൽ 3 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. ഇപ്പോൾ നിസാമുദ്ദീനിൽ നിന്നും തിരികെയെത്തിയവരിൽ 13 പേർക്കാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 1745 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഇന്നലത്തെ കണക്ക് വച്ച് നോക്കുമ്പോൾ 240-ഓളം വാഹനങ്ങളുടെ കുറവ് നേരിട്ടിട്ടുണ്ട്. ഇതിൽ പ്രധാനമായും വലിയ ഉള്ളിയുടെ (സവാള) വരവിലാണ് കുറവ് അനുഭവപ്പെട്ടിട്ടുള്ളത്. എന്നാലും ആവശ്യത്തിനുള്ള ശേഖരം ഉണ്ടെന്നാണ് സിവിൽ സപ്ലൈസ് അറിയിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് 1.49 ലക്ഷം മുറികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,01,690 മുറികൾ ഉടനെ ഉപയോഗിക്കാവുന്നതാണ്. 2 ലക്ഷം മുറികൾ ഇങ്ങനെ കണ്ടെത്തണം എന്നാണ് ഇപ്പോൾ കരുതുന്നത്. ഇപ്പോൾ ഒരു ബുദ്ധിമുട്ട് നേരിടുന്നത് ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റിന്റെ കാര്യത്തിലാണ്. 2 ലക്ഷം കിറ്റുകൾക്ക് ഓർഡർ നൽകിയിട്ടുണ്ടെങ്കിലും 1000 എണ്ണം മാത്രമാണ് ഇപ്പോൾ ലഭ്യമാകുമെന്ന് ഉറപ്പുള്ളത്. ഇതു കൂടാതെ, ഇപ്പോൾ കൈവശം 3382 കിറ്റുകളാണ് ഉള്ളത്. ഈ കാര്യത്തിലാണ് നമ്മൾ ഒരു ബുദ്ധിമുട്ട് നേരിടുന്നത്. അത്യാവശ്യഘട്ടം വന്നുകഴിഞ്ഞാൽ ഉപയോഗിക്കുന്നതിനായി 937 ആഡിറ്റോറിയം കണ്ടുവച്ചിട്ടുണ്ട്. ആവശ്യം വന്നു കഴിഞ്ഞാൽ ഇവ കോവിഡ് കെയർ സെന്ററുകളാക്കാവുന്നതാണ്. കാസർഗോഡ് ജില്ലയുടെ കാര്യത്തിൽ കേന്ദ്ര ആഭ്യന്തരസെക്രട്ടറിയുടെ അഭിപ്രായപ്രകാരം കർണാടക ആരോഗ്യവകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം സുപ്രീംകോടതിയുടെ മുമ്പിൽ എത്തിയിരുന്നെങ്കിലും കേന്ദ്ര ആഭ്യന്തര സെക്രട്ടറി ചർച്ച ചെയ്തിരുന്നതിനാൽ സുപ്രീം കോടതിയിൽ ചർച്ച ചെയ്യേണ്ടതില്ല എന്ന നിലപാടാണ് എടുത്തത്.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്

കാസർഗോഡ് നിന്നും കർണാടകത്തിലേക്ക് ആംബുലൻസ് കടത്തി വിടുന്നില്ല എന്ന കാര്യത്തിൽ കർണാടക ആഭ്യന്തര സെക്രട്ടറിയുമായി സംസാരിച്ചിരുന്നു. ഇതുവരെ അതിർത്തി ജില്ലയിലെ കളക്ടർക്ക് ഇതു സംബന്ധിച്ച ഉത്തരവ് ഒന്നും ലഭിച്ചിട്ടില്ല എന്നാണ് അറിവായിട്ടുള്ളത്. കർണാടക ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് കിട്ടിയാൽ ആംബുലൻസ് കടത്തി വിടാമെന്നാണ് അറിയിച്ചിട്ടുള്ളത്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

കേരളത്തിൽ കോവിഡ് ചികിത്സ വളരെ ഭംഗിയായി നടക്കുന്നുണ്ട്. മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ രീതികൾ എങ്ങനെയാണെന്നും ചോദിച്ച് നിരവധി പേർ ബന്ധപ്പെടുന്നുണ്ട്. നമ്മുടെ പ്രോട്ടോക്കോളും മറ്റും അയച്ചു കൊടുക്കുന്നുമുണ്ട്. എറണാകുളത്തെ കോവിഡ് ടെസ്റ്റിങ്ങ് സെന്ററിൽ തൊണ്ടയിൽ നിന്നുമുള്ള സ്വാബ് എടുക്കുന്നതിന് ഉപയോഗിക്കുന്ന ഒരു കിയോസ്ക്കിനെക്കുറിച്ച് ധാരാളം വാർത്തകൾ

വരുന്നുണ്ട്. ഇതു സംബന്ധിച്ച് വിദഗ്ദ്ധരുമായി സംസാരിച്ചിരുന്നു. വളരെ തെറ്റായ രീതിയാണ് ഇതെന്ന അഭിപ്രായമാണ് ലഭ്യമായത്. സ്വാബ് എടുക്കുന്നതിനുള്ള കേന്ദ്രത്തിന് രണ്ട് ബൂത്തുകളാണ് വേണ്ടത്. നെഗറ്റീവ് പ്രെഷർ ക്യാബിൻ രോഗിക്കും, പോസിറ്റീവ് പ്രെഷർ ക്യാബിൻ സ്വാബ് എടുക്കുന്ന ആൾക്കും ആണ് വേണ്ടത്. അതേ അവസരത്തിൽ ഇപ്പോൾ പ്രചരിക്കുന്ന ഈ കിയോസ്കിൽ രോഗി തുറന്ന സ്ഥലത്തും, സാമ്പിൾ എടുക്കുന്ന ആൾ നെഗറ്റീവ് പ്രെഷർ ഉള്ളയിടത്തും ആണ് ഉള്ളത്. ഇങ്ങനെ വരുമ്പോൾ രോഗം പടരുന്നതിനുള്ള സാധ്യത കൂടുതലാണ്. കൂടാതെ, എത്‌ലിൻ വിനയിൽ അസറ്റേറ്റ് സുതാര്യ കൈയ്യുറകൾക്ക് പകരമായി ഇവിടെ, സാധാരണ റബ്ബർ കൈയ്യുറകളാണ് ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ, ശേഖരിക്കുന്ന സാമ്പിളുകൾ സിപ്പ് ലോക്ക് പ്ലാസ്റ്റിക് കവറിലേക്കാണ് മാറ്റേണ്ടത്. എന്നാൽ ഇവിടെ ഒരു അറ്റൻഡറിന്റെ കൈകളിലേക്കാണ് കൊടുക്കുന്നത്. ഇതു ശരിയായ രീതിയല്ല. താഴെത്തട്ടിൽ ഉപയോഗിക്കുന്ന ഏതു പുതിയ സാങ്കേതിക വിദ്യയും ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ അനുമതിയോടുകൂടി മാത്രമേ പാടുള്ളൂ എന്ന് കർശനനടപടി സ്വീകരിക്കേണ്ടതാണ്. വളരെ കൃത്യമായ മാർഗ്ഗരേഖ നിലനിന്നിട്ടും ചില ഡി എം ഓ മാർ ജില്ലാതലത്തിൽ വെവ്വേറെ ഉത്തരവുകൾ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്നു. സംസ്ഥാനതലത്തിൽ നിലവിലുള്ള മാർഗ്ഗരേഖക്ക് വിഭിന്നമായി ജില്ലകളിൽ മാർഗ്ഗരേഖകൾ ഇറക്കുവാൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകണം. കൂടാതെ കാസർഗോഡ് ജില്ലയിൽ നിന്നും കർണാടകയിൽ ചികിത്സക്ക് പോകുന്നതുപോലെ, തമിഴ്നാട്ടിലെ നാഗർകോവിലിൽ നിന്നും കേരളത്തിലേക്ക് ചികിത്സക്ക് രോഗികൾ എത്തുന്നു എന്ന വിവരവും ലഭിക്കുന്നു. ഇത് പരിശോധിക്കണം. റാപ്പിഡ് ടെസ്റ്റുകളെക്കുറിച്ച് ഒരുപാട് തെറ്റിദ്ധാരണകൾ ഉണ്ടാകുന്നുണ്ട്. അതിനാൽ റാപ്പിഡ് ടെസ്റ്റ് എന്നതിനുപകരം ആന്റീബോഡി ടെസ്റ്റ് എന്ന് ഉപയോഗിക്കണമെന്ന് അഭിപ്രായപ്പെട്ടു.

## സെക്രട്ടറി ഐ ടി

കോവിഡ് പ്രതിരോധത്തിനായി ഏകജാലകം എന്ന ഒരു ഡാഷ്ബോർഡ് തയ്യാറാക്കിയതിനെക്കുറിച്ച് ഒരു പ്രസന്റേഷൻ അവതരിപ്പിച്ചു. ഗവൺമെന്റ് വെബ്സൈറ്റിന്റെ ഡാഷ്ബോർഡ് നിലവിൽ ഇങ്ങനെ മാറ്റുന്നതാണ്. ഇതിനെക്കുറിച്ചുള്ള വിശദമായ ഒരു പ്രസന്റേഷൻ അദ്ദേഹം നടത്തി. പുതുതായി വരുന്ന ഒരാൾക്ക് വിവരങ്ങൾ അറിയുന്നതിനും പേര് രജിസ്റ്റർ ചെയ്യുന്നതിനും അതുവഴി, നിരീക്ഷണത്തിനു പോകുന്നതിനുമുള്ള നിർദ്ദേശങ്ങളും ഇതിലൂടെ നൽകാവുന്നതാണ്. ഇതിനെക്കുറിച്ചെല്ലാം വിശദമായ വിവരണങ്ങൾ അദ്ദേഹം നൽകി. ലോക്ക് ഡൗൺ അവസാനിച്ച് കഴിഞ്ഞാൽ അനുഭവപ്പെടാവുന്ന തിരക്കും അതുമൂലമുണ്ടാകുന്ന കേസുകളുടെ എണ്ണവും ഇതുവഴി നിരീക്ഷിക്കാവുന്നതാണ്.

## <u>പ്രിൻസിപ്പൽ സെക്രട്ടറി വ്യവസായവകുപ്പ്</u>

മൂന്നു നാലിരട്ടി അധികം പണം നൽകി അമേരിക്ക കിറ്റുകൾ വാങ്ങുന്നതു കൊണ്ടാണ് പി സി ആർ ടെസ്റ്റുകിറ്റുകൾ വൈകുന്നതിനു കാരണമായിട്ടുള്ളത് എന്നാണ് ഇപ്പോൾ അറിവായിട്ടുളളത്. കൂടാതെ ചൈനയിൽ നിന്ന് ഇന്ത്യയിലേക്ക് കയറ്റുമതിയ്ക്കുളള അനുമതി ലഭിക്കാത്തതും ഇതിനു കാരണമായി പറയുന്നു. എംബസി മുഖാന്തിരം സർക്കാരിനു വേണ്ടിയാണെന്നുളള ഉറപ്പോടെ സൗത്ത് കൊറിയയിൽ നിന്നും കിറ്റുകൾ വാങ്ങുന്നതിനുളള ശ്രമം നടക്കുന്നുണ്ട്. ഇങ്ങനെ ഓർഡർ നൽകിയാൽ ഒരാഴ്ചയ്ക്കുളളിൽ കിറ്റുകൾ ലഭ്യമായേക്കാം.

## <u>മെമ്പർ സെക്രട്ടറി എസ് ഡി എം എ</u>

ഒരു പ്രത്യേക മേഖലയിലുളളവർക്ക് പ്രത്യേക സന്ദേശം അയയ്ക്കുന്നതിനായുളള ഒരു സാങ്കേതിക വിദ്യ ലഭ്യമാണ്. ടാർജറ്റഡ് മെസേജിങ്ങ് സിസ്റ്റം ഇതു വെളളപ്പൊക്ക സമയത്ത് ഉപയോഗിച്ചിരുന്നതാണ്. കാസർഗോഡ് ജില്ലയിലേക്ക് മാത്രമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സന്ദേശങ്ങൾ ഇതുവഴി നൽകിയിരുന്നെങ്കിൽ നന്നായിരിക്കും.

## <u>ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്</u>

പെട്രോളിയം പ്രോഡക്റ്റിന്റെ സ്റ്റേറ്റ് കോർഡിനേറ്ററുടെ കത്ത് ഉണ്ടായിരുന്നു. ലോക്ക്ഡൗൺ സമയത്ത് നല്ല രീതിയിൽ പ്രവർത്തിച്ച പെട്രോൾ പമ്പിലെ ജീവനക്കാരെയും, എൽ പി ജി സിലിണ്ടർ എത്തിച്ചു കൊടുക്കുന്ന ജീവനക്കാരെയും കുറിച്ച് പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാമെന്നൊരു അഭ്യർത്ഥന അവർ മുന്നോട്ടു വച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. തമിഴ്നാടുമായി അതിർത്തി പങ്കിടുന്നതിനാലും അവിടെ കോവിഡ് 19 രോഗികൾ വർദ്ധിക്കുന്നതിനാലും ഇടുക്കി ജില്ലക്കാർ ആശങ്കാകുലരാണ്. അവിടേക്ക് പല ഊടുവഴികളിലൂടെയും ആളുകൾ വരുന്നുണ്ട്. ലഹരി വസ്തുക്കൾ കടത്തുന്നതായും വിവരം ലഭിച്ചിട്ടുണ്ട്. ഇത് കർശനമായി പരിശോധിക്കണം. **(ചുമതല – ആഭ്യന്തരം, ജില്ലാ ഭരണകൂടം)**
2. കർണാടക-കേരള അതിർത്തിയിലൂടെ രോഗികളെ കടത്തിവിടാത്ത പ്രശ്നത്തിൽ കർണാടക അനുകൂല നിലപാടെടുക്കും എന്ന് പ്രതീക്ഷിക്കാം. ഇതിനായി കർണാടക ആരോഗ്യ വകുപ്പ് സെക്രട്ടറി ഉത്തരവിറക്കിയതായി ചീഫ് സെക്രട്ടറി അറിയിച്ചു. **(ചുമതല – ആഭ്യന്തരം, ജില്ലാ ഭരണകൂടം)**
3. ചരക്ക് ഗതാഗതത്തിൽ നാം കുറച്ചു കൂടെ ശ്രദ്ധിക്കണം. കാലിത്തീറ്റ, പഞ്ചസാര, വലിയ ഉളളി എന്നിവയുടെ വരവ് കുറവാണ്. ഇത് വർദ്ധിപ്പിക്കാനുളള ശ്രമം നാം നടത്തണം. മൂന്നു മാസത്തേക്കെങ്കിലുമുളള സ്റ്റോക്ക് ഉണ്ട് എന്ന് നാം ഉറപ്പു വരുത്തേണ്ടതാണ്. മറ്റ് സംസ്ഥാനങ്ങളിൽ പ്രശ്നം വന്നാൽ നമ്മുക്കുളള ചരക്ക് ഗതാഗതം ബാധിക്കും. ആയതിനാൽ ബുക്കിംഗ് ഏജന്റുമായും ബന്ധപ്പെട്ട് ഇങ്ങോട്ട്

സാധനം കൊണ്ടു വരുന്ന വണ്ടികളിൽ കയറ്റുമതി സാധനം കയറ്റി അയക്കാനു ളള സാധ്യത പരിശോധിക്കണം **(ചുമതല - ഭക്ഷ്യ, ഗതാഗത വകുപ്പ്)**.

4. സപ്ലൈകോ ഷോപ്പുകളിൽ സാധനങ്ങൾക്ക് വില കൂടുതലാണ് എന്ന പരാതി ലഭി ക്കുന്നുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
5. ചില ധനസഹായങ്ങൾ രണ്ടു വർഷമായി മുടങ്ങിക്കിടക്കുന്നത് പരിശോധിക്കണം. വിധവ പെൻഷനും മുടങ്ങി കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതും പരി ശോധിക്കണം. **(ചുമതല - ധനകാര്യ വകുപ്പ്)**.
6. വൃദ്ധസദനങ്ങളിലെ ജീവനക്കാർക്ക് 7 മാസമായി ശമ്പളം ലഭിച്ചിട്ടില്ല. ഇത് പരി ശോധിക്കണം. **(ചുമതല - ധനകാര്യ വകുപ്പ്)**
7. പി.പി.ഇ കിറ്റുകളുടെ ക്ഷാമം തീർക്കാൻ നടപടികൾ വേഗത്തിലാക്കണം. **(ചുമ തല - ആരോഗ്യ, വ്യവസായ വകുപ്പ്)**.
8. തൃശ്ശൂരിൽ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് പണി നടത്താൻ അനുവദിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് പരിഗണി ക്കണം. **(ചുമതല - മൃഗ സംരക്ഷണ വകുപ്പ്)**.
9. മൃഗങ്ങൾക്ക് കോവിഡ് 19 രോഗബാധ ഉണ്ടായതായി റിപ്പോർട്ടുകൾ വരുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തു. മൃഗ ശാലകൾ അണുവിമുക്തമാക്കും. **(ചുമതല - ബന്ധപ്പെട്ട വകുപ്പ്)**.
10. വളർത്തു മൃഗങ്ങളുടെ കൂടുകൾ അണുവിമുക്തമാക്കി എന്നു ഉറപ്പു വരുത്തണം. **(ചുമതല - വനം, തദ്ദേശസ്വയം ഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**.
11. മൊറട്ടോറിയം പ്രഖ്യാപിച്ചെങ്കിലും ചില സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പണം തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. ഇത് പരിശോധിക്കണം. **(ചുമ തല - ധനകാര്യ, ആഭ്യന്തര വകുപ്പ്)**
12. ഭാരതപ്പുഴയിൽ മണൽ കടത്ത് നടക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് പരിശോ ധിക്കണം. **(ചുമതല - ജില്ലാ കളക്ടർമാർ, ആഭ്യന്തര വകുപ്പ്)**.
13. മാനസിക രോഗികൾക്കും വൃക്ക രോഗികൾക്കും ആവശ്യമുളള മരുന്നുകൾക്ക് ക്ഷാമം ഉണ്ടോ എന്ന് പരിശോധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്, കെ എം എസ് സി എൽ)**.
14. അട്ടപ്പാടിയിലേക്ക് തമിഴ്നാട്ടിൽ നിന്ന് മദ്യം വരുന്നതായി വിവരമുണ്ട്. ഇത് പരി ശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്, എക്സൈസ് വകുപ്പ്)**.
15. പൂഴ്ത്തി വയ്പ്പ്, കരിഞ്ചന്ത എന്നിവ പരിശോധിക്കുന്നതിനായി 326 സ്ഥാപനങ്ങൾ പരിശോധിക്കുകയും 144 സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് വിജിലൻസ് ശുപാർശ ചെയ്യുകയും ചെയ്തു. **(ചുമതല - വിജി ലൻസ്, ബന്ധപ്പെട്ട വകുപ്പുകൾ)**.
16. ചില സ്ഥലങ്ങളിൽ റേഷൻ സാധനങ്ങൾ റേഷൻ കടകളിലേക്ക് വരുമ്പോൾ തൂക്കത്തിൽ കുറവുളളതായി കാണുന്നു. റേഷൻ കടകളിൽ ലോഡ് വരുമ്പോൾ തൂക്കം നോക്കി മാത്രമേ സാധനം എടുക്കുവാൻ പാടുളളു. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**.
17. റേഷൻ കടകളിൽ പച്ചരി, ഗോതമ്പ് എന്നിവയുടെ ശേഖരം കുറവാണ് എന്ന വിവ രമുണ്ട്. കാസർഗോഡ് ജില്ലയിൽ കളനാട്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ റേഷൻ കടകളിൽ സ്റ്റോക്കില്ലാത്തതിനാൽ റേഷൻ വിതരണം നടക്കുന്നില്ല എന്നും കേൾക്കുന്നു. ഇതും പരിശോധിക്കണം. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**.

18. കമ്മ്യൂണിറ്റി കിച്ചൺ പത്തനംതിട്ട ജില്ലയിൽ നന്നായി നടക്കുന്നില്ല. മാത്രമല്ല ചില സമാന്തര സംവിധാനങ്ങൾ പ്രവർത്തിക്കുന്നുമുണ്ട്. ചിലർ വീട്ടിലെ പൊതിച്ചോറും മറ്റും നൽകുന്നുണ്ട്. ഇതിൽ വ്യത്തിക്കുറവുണ്ടായാൽ വലിയ പ്രശ്നം സംഭവിക്കും. **(ചുമതല – ആഭ്യന്തരം, ജില്ലാ ഭരണ കൂടം, തദ്ദേശ സ്വയം ഭരണ വകുപ്പ്).**
19. കുമളിയിൽ കൊറോണ ലക്ഷണം കണ്ടയാളെ കൃത്യമായി ആശുപത്രിയിൽ പ്രവേശിപ്പിക്കാനും പരിശോധന നടത്തുവാനും താമസം നേരിട്ടതായി വിവരമുണ്ട്. ഇത് പാടില്ല. ഗൗരവമായി ഈ പ്രശ്നത്തിൽ ഇടപെടണം. **(ചുമതല – ആരോഗ്യ വകുപ്പ്, ജില്ലാ കളക്ടർ).**
20. ലോക്ക് ഡൗണിനു ശേഷം എന്തു നടപടികൾ സ്വീകരിക്കണമെന്നതിനെപ്പറ്റി നമുക്കു കുറച്ചു കഴിഞ്ഞ് തീരുമാനമെടുക്കാം. രാജ്യം പൊതുവിൽ എന്ത് നിലപാട് സ്വീകരിക്കുന്നു എന്ന് നോക്കിയിട്ട് നമുക്ക് തീരുമാനമെടുക്കാം. ആയതിനാൽ നാളത്തെ കാബിനറ്റിൽ ഇത് ചർച്ച ചെയ്യേണ്ടതില്ല.
21. കേരളത്തിൽ നിന്ന് പുറം രാജ്യങ്ങളിലേക്ക് പോയവർക്ക് ഇവിടെ നിന്നുള്ള മരുന്നെത്തിക്കാൻ പറ്റുമോ എന്ന് പരിശോധിക്കണം. **(ചുമതല – പൊതുഭരണ വകുപ്പ്)**
22. രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തവരുടെ വിധവകൾക്കുള്ള പെൻഷൻ നൽകുന്നുണ്ടോ എന്ന കാര്യം പരിശോധിക്കണം. **(ചുമതല – ധനകാര്യ വകുപ്പ്).**
23. കുട്ടികൾക്ക് വായിക്കാനുള്ള പുസ്തകങ്ങൾ ലൈബ്രറികൾ വീടുകളിലേക്കെത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. **(ചുമതല – പൊതുവിദ്യാഭ്യാസ വകുപ്പ്)**
24. എറണാകുളത്ത് കോവിഡ് പരിശോധനാ കിയോസ്കിന്റെ കാര്യം പരിശോധിക്കണം. **(ചുമതല – ആരോഗ്യ വകുപ്പ്)**
25. നാഗർകോവിലിൽ നിന്നും കേരളത്തിലേക്ക് രോഗികൾ വരുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പൊതുവായ നിലപാട് നമുക്ക് സ്വീകരിക്കാം. നമ്മുടെ കാര്യത്തിൽ കർണാടകം നിബന്ധനകൾ വച്ചത് പോലെ ചെയ്യാവുന്നതാണ്. **(ചുമതല – ആഭ്യന്തര വകുപ്പ്).**
26. പി സി ആർ കിറ്റുകൾ എത്രയും വേഗം ലഭ്യമാക്കണം **(ചുമതല – വ്യവസായ വകുപ്പ്)**
27. റാപ്പിഡ് ടെസ്റ്റിനുപകരം ആന്റിബോഡി ടെസ്റ്റ് എന്ന പേര് ഇനി മുതൽ നമുക്ക് ഉപയോഗിക്കാം. **(ചുമതല – ആരോഗ്യ വകുപ്പ്).**
28. എൽ പി ജി കൊണ്ടു വരുന്നവർ, പെട്രോൾ പമ്പ് ജീവനക്കാർ എന്നിവരുടെ ജോലി പ്രശംസനീയമാണ്.
29. വാഹനങ്ങളുടെ റിപ്പയറിനായുള്ള വർക്കഷോപ്പുകൾ ആഴ്ചയിൽ രണ്ടു ദിവസം (ഞായർ, വ്യാഴം) തുറക്കാവുന്നതാണ്. അതിന്റെ സ്പെയർ പാർട്സ് കടകളും ഈ ദിവസങ്ങളിൽ തുറക്കാം. കമ്പ്യൂട്ടർ, മൊബൈൽ കടകൾ ആഴ്ചയിൽ ഒരു ദിവസം തുറക്കാവുന്നതാണ്. എയർ കണ്ടീഷണർ, ഫാൻ എന്നിവയുടെ കടകളും ഒരു ദിവസം തുറക്കാവുന്നതാണ്. **(ചുമതല – പൊതുഭരണ, ആഭ്യന്തര വകുപ്പ്).**
30. അംഗീകൃത ഇലക്ട്രീഷ്യൻമാർക്ക് വീടുകളിൽ പോയി നന്നാക്കാനുള്ള അനുമതി നൽകാം. ഫ്ളാറ്റുകളിലെ അറ്റകുറ്റ പണികൾക്ക് വേണ്ട തൊഴിലാളികൾക്ക് അവിടെ ആവശ്യമനുസരിച്ച് പോകാൻ അനുവദിക്കാവുന്നതാണ്. **(ചുമതല – ആഭ്യന്തര, പൊതുഭരണ വകുപ്പ്).**

31. ഇന്ന് രോഗം കണ്ടെത്തിയവരുമായി സമ്പർക്കം പുലർത്തിയവരെ കണ്ടെത്തി എത്രയും പെട്ടെന്ന് നിരീക്ഷണത്തിൽ ആക്കേണ്ടതാണ്. **(ചുമതല - ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ്).**

യോഗം 5.15 ന് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ